

18/10/2024

FRIDAY

വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** Nizam S A

**Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/10/2024

1. ചെറുധാന്യ വിഭവങ്ങൾ കൊണ്ടുള്ള ഭക്ഷണത്തിനായി റസ്റ്റാറന്റ് എന്ന ആശയത്തിൻ്റെ അടിസ്ഥാനത്തിൽ സംസ്ഥാന കൃഷി വകുപ്പ് മില്ലറ്റ് കഫേ എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നു. എല്ലാ ജില്ലകളിലും മില്ലറ്റ് കഫേകൾ ആരംഭിക്കുന്നതിനാണ് കൃഷിവകുപ്പിൻ്റെ തീരുമാനം. മില്ലറ്റ് കഫേയുടെ ആദ്യ സംരംഭം തിരുവനന്തപുരം ഉള്ളൂരിൽ പ്രവർത്തനമാരംഭിച്ചു. ചെറുധാന്യങ്ങളുടെ വിവിധ മൂല്യവർധിത വിഭവങ്ങൾ മില്ലറ്റ് കഫേകളിൽ ലഭിക്കും. അതോടൊപ്പം കേരളഗ്രോ ബ്രാൻഡഡ് ഉൽപന്നങ്ങളും ലഭ്യമാണ്. കർഷകസംഘങ്ങൾ, എഫ്.പി.ഒകൾ, കൃഷിക്കൂട്ടങ്ങൾ, അഗ്രോ സർവിസ് സെൻ്ററുകൾ തുടങ്ങിയവരാകും കഫേകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക. കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, കേരളഗ്രോ റിട്ടെയിൽ ഔട്ട്ലെറ്റുകൾ, മില്ലറ്റ് കഫേകൾ എന്നിവ ആദ്യഘട്ടത്തിൽ ഒരെണ്ണം വീതമായിരിക്കും 14 ജില്ലകളിലായി പൂർത്തീകരിക്കുക.

2. കേരളത്തിൽ കാർഷികയോഗ്യമായ എന്നാൽ വിവിധ കാരണങ്ങളാൽ തരിശ് കിടക്കുന്ന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ, വ്യക്തിഗത ഉടമകളുടെ ഭൂമി കണ്ടെത്തി അവിടെ അനുയോജ്യമായ കൃഷി ചെയ്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന നവോ-ധാൻ (NAWO-DHAN - New Agriculture Wealth Opportunities - Driving Horticulture and Agribusiness Networking) പദ്ധതിയിലേക്ക് താല്പര്യമുള്ള കർഷകർ, ഭൂവുടമകൾ എന്നിവരിൽ നിന്നും കൃഷി വകുപ്പ് താത്പര്യപത്രം (EoI - Expression of Interest) ക്ഷണിച്ചു. http://nawodhan.kabco.co.in/eoi-registration എന്ന ലിങ്ക് മുഖേനെ പ്രവേശിക്കുന്ന വെബ് പേജിൽ, കൃഷി ചെയ്യാൻ താല്പര്യമുള്ള വ്യക്തി/സ്ഥാപനം, ഭൂമി കൈവശമുള്ള വ്യക്തി/സ്ഥാപനം എന്നിവർക്ക് താത്പര്യപത്രം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 19.10.2024. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ **9446104163, 9400496050.** കൃഷിക്ക് അനുയോജ്യമായ ഭൂമി കൈവശമുള്ള പൊതു മേഖല സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, അസ്സോസിയേഷനുകൾ, വ്യക്തികൾ എന്നിവർക്ക് കൃഷി ഭൂമിയുടെ വിശദാംശങ്ങൾ സമർപ്പിച്ച് 750 രൂപ രജിസ്ട്രേഷൻ ഫീസും അടച്ച് ഓൺലൈനായി ഭൂമിയുടെ ലഭ്യത ഉറപ്പാക്കാനാകും.

3. ആടു വസന്ത അഥവാ PPR എന്ന രോഗത്തിനെതിരെ ആടുകള്ക്കും, ചെമ്മരിയാടുകള്ക്കും പ്രതിരോധ കുത്തിവയ്പ് 2024 ഒക്ടോബർ പകുതിയോടെ സംസ്ഥാനത്തുടനീളം ആരംഭിക്കും. കേരളത്തിലെ പതിമൂന്നര ലക്ഷത്തോളം വരുന്ന ആടുകൾക്ക് PPR പ്രതിരോധ കുത്തിവയ്പ് നൽകുന്നതാണ്. മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിൽ അസിസ്റ്റന്റ് ഫീൽഡ് ഓഫീസേഴ്സ്, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് എന്നിവർ വീടു വീടാന്തരം എത്തി പ്രതിരോധ കുത്തിവയ്പ്പ് നൽകുകയും കുത്തിവയ്പ്പിന്റെ വിവരങ്ങൾ കൃത്യമായി ശേഖരിച്ചു റിപ്പോർട്ട് ചെയ്യുന്നതുമായിരിക്കും. ഇത് സംബന്ധിച്ച ഡാറ്റാ ശേഖരണം ദേശീയതലത്തിലുള്ള ഭാരത് പശുധൻ പോർട്ടൽ മുഖേനയാണ്. രാജ്യത്തു നിന്നും PPR എന്ന ആടുവസന്ത രോഗം 2030 ഓടുകൂടി ഇല്ലാതാക്കാനാണ് PPR Eradication Programme കൊണ്ട് കേരള സർക്കാർ ഉദ്ദേശിക്കുന്നത്. ഈ വാക്സിനേഷന് തികച്ചും സൗജന്യമായാണ് നൽകുന്നത്.

4. 2023-24 വർഷങ്ങളിൽ റബർ കൃഷി ചെയ്തവർക്ക് ധനസഹായത്തിന് റബർ ബോർഡിൻറെ www.rubberboard.org.in എന്ന സൈറ്റിൽ നവംബർ 30 വരെ ഓൺലൈനായി അപേക്ഷിക്കാം. 25 സെൻറ മുതൽ രണ്ടര ഏക്കർ വരെയുള്ള തോട്ടം

ഉടമകൾക്ക് അർഹതയുണ്ടായിരിക്കും. അപേക്ഷയോടൊപ്പം തോട്ടത്തിന്റെ സ്വയം തയാറാക്കിയ പ്ലാൻ, ആധാർ ബന്ധിപ്പിച്ച ബാങ്ക് പാസ് ബുക്കിന്റെ അക്കൗണ്ട് നമ്പറും ഐ എ ഫ്എസ്സിയും ഉൾപ്പെട്ട കോപ്പി, ആധാർ കോപ്പി, ഉടമസ്ഥത സർട്ടി ഫിക്കറ്റ്, തൈ വാങ്ങിയ ബില്ല്, നോമിനിയുണ്ടെങ്കിൽ അതിന്റെ രേഖ എന്നിവയും സമർപ്പിക്കണം. ഒന്നാം വർഷം തൈ വില ഉൾപ്പെടെ 30,000 രൂ പയും മൂന്നാം വർഷം പതിനായിരം രൂപയും ലഭിക്കും.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻററിൽ **'സസ്യ പ്രജനന രീതികൾ -ബഡഡിങ്, ഗ്രാഫ്റ്റിങ്, ലെയറിങ്'** എന്ന വിഷയത്തിൽ ഒക്ടോബർ 25, 26 ദിവസങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. 1100/ രൂപയാണ് ഫീസ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ രാവിലെ 10 മുതൽ 5 വരെയുള്ള സമയങ്ങളിൽ 0487-2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

6. നെൽകൃഷിയിൽ യന്ത്രവൽകൃത നടീൽ ഒരു തൊഴിൽ സംരംഭമായി നടത്തുന്നതിന് താല്പര്യമുള്ള തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിലുള്ള തൊഴിൽരഹിത യുവതി യുവാക്കൾക്ക് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ യന്ത്രവൽകൃത നടീലിൽ അഞ്ചുദിവസത്തെ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 8281200673 എന്ന മൊബൈൽ നമ്പറിൽ പേര്, അഡ്രസ്സ് വാട്സ് ആപ്പ് സന്ദേശമായി 23/10/2024, 5 മണിക്ക് മുമ്പായി അയച്ചുതരേണ്ടതാണ്.

7. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ഒക്ടോബർ 21 മുതൽ 25 വരെയുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ ക്ഷീര കർഷകർക്കായി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടക്കുന്ന ''ശാസ്ത്രീയ പശു പരിപാലനം' എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ഒക്ടോബർ 19 ന് വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന . കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പരിശീലനത്തിന് എത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിന ബത്തയും ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471 - 2440911. മേൽവിലാസം :ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004. Email ID: principaldtctvm@gmail.com

8. റബ്ബറിലെ ഇലരോഗങ്ങളെ ചെറുക്കാൻ സഹായിക്കുന്ന ക്രൗൺബഡ്ഡിങ് രീതിയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് ഇന്ന് (2024 ഒക്ടോബർ 18 വെള്ളിയാഴ്ച) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ് ഫോണിലൂടെ മറുപടി പറയും. കോൾ സെന്റർ നമ്പർ 04812576622.

**9. കാർഷിക നിർദ്ദേശം**

വാഴ -മഴക്കാലത്ത് വാഴയിൽ ഇലപ്പുളി രോഗത്തിനു സാധ്യതയുണ്ട് മുൻകരുതലായി 20ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി കുളിർക്കെ തളിക്കുക. താഴ്ന്ന പ്രദേശങ്ങളിൽ നീർവാഴ്ച സൗകര്യം ഉറപ്പുവരുത്തുക.